**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2363** **18/02/2016-ൽ മറുപടിക്ക്**

## സ്കൂളുകളിൽ ഹെർബൽ ഗാർഡൻ

**ചോദ്യം**
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. പി.സി വിഷ്ണുനാഥ്
ശ്രീ. ജോസഫ് വാഴയ്ക്കൻ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കൂളുകളിൽ ഹെർബൽ ഗാർഡൻ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | താഴെ പറയുന്ന ഉദ്ദേശലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.<br>ഔഷധസസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, സ്കൂളുകളുടെ പരിസരത്ത് ഹരിത സമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, വിവിധതരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രചോദനവും അതിനുള്ള അവസരവും കുട്ടികൾക്ക് നൽകുക, തദ്ദേശീയവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധസസ്യങ്ങളെ സംരക്ഷിക്കുക, സ്കൂളുകളുടെ പരിസരത്ത് ലഭ്യമായ സ്ഥലം ഔഷധസസ്യ സംരക്ഷണത്തിനായി പ്രയോജനപ്പെടുത്തുക, ഔഷധസസ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വിജ്ഞാനവ്യാപനം നടത്തുക, സ്കൂൾ പരിസരത്ത് ആരോഗ്യകരമായ ഒരു ഹരിതാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും അതാത് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധസസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതുവരെ ഏകദേശം 1200 സ്കൂളുകളിൽ ഔഷധസസ്യ ഉദ്യാനങ്ങൾ സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ മേൽനോട്ടത്തിൽ വച്ചു പിടിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ 200 സ്കൂളുകളിൽ കൂടി ഈ പദ്ധതി സമീപ ഭാവിയിൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ